പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4294 26/06/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2013-14 അദ്ധ്യയന വർഷത്തിൽ എത്ര പുസ്തകങ്ങളാണ് അച്ചടിച്ചത് ; ആയതിൽ എത്രയെണ്ണം കുട്ടികൾക്ക് വിതരണം ചെയ്തു ; എത്രയെണ്ണം വിതരണം ചെയ്യാത്തതായിട്ടുണ്ട് ; | (എ) | 2013-14 വർഷത്തിൽ കെ.ബി.പി.എസ് അച്ചടിച്ച പുസ്തകങ്ങളുടെ എണ്ണം 3,03,46,400. 2013-14 അദ്ധ്യയന വർഷം മുൻ വർഷത്തെ ബാക്കി പാഠപുസ്തകങ്ങൾ ഉൾപ്പെടെ 3,82,03,342 എണ്ണം പുസ്തകങ്ങൾ വിതരണം ചെയ്തു. വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലേയ്ക്ക് 52173 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകളിലേയ്ക്ക് 2384271 പുസ്തകങ്ങൾ അച്ചടിച്ചു. മുൻ വർഷത്തെ 14161 പുസ്തകം ഉൾപ്പെടെ 2398432 എണ്ണം വിതരണം ചെയ്തു. |
| ബി) വിദ്യാഭ്യാസ വകുപ്പ് പുസ്തകം അച്ചടിക്കുമ്പോൾ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; പ്രസ്തുത സ്ഥാപനങ്ങൾക്ക് 2013-14 അദ്ധ്യയന വർഷം എത്ര തുക നൽകി ; വ്യക്തമാക്കുമോ ; | (ബി) | കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, സി-ആപ്റ്റ് എന്നീ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെ.ബി.പി.എസിന് 5,64,40,809/- രൂപ നൽകിയിട്ടുണ്ട്. പാഠ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ സി-ആപ്റ്റിന് പണമൊന്നും നൽകുന്നില്ല. |
| സി) 2014-15 അദ്ധ്യയനവർഷം ഒന്നാംഘട്ട വിതരണത്തിനായി എത്ര പുസ്തകങ്ങൾ അച്ചടിച്ചു ; ആയതിന് ചെലവായ തുക എത്ര ; ഏതൊക്കെ സ്ഥാപനങ്ങളിലാണ് അച്ചടിച്ചത്; | (സി) | 25734061 പുസ്തകങ്ങൾ കെ.ബി.പി.എസ് അച്ചടിച്ചു. അച്ചടിക്കൂലി നൽകിയിട്ടില്ല. സി-ആപ്റ്റ് ഏകദേശം 7 ലക്ഷത്തോളം പുസ്തകം അച്ചടിച്ചിട്ടുണ്ട്. |
| ഡി) സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകൾക്കു നാളിതുവരെ ഒന്നാംഘട്ട വിതരണത്തിനുള്ള പുസ്തകങ്ങൾ കിട്ടിയിട്ടില്ലെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ഉണ്ട്. എല്ലാ സ്കൂളുകളിലും പാഠ പുസ്തകം എത്തിച്ചിട്ടുണ്ട്. ഏതാനം സ്കൂളുകളിൽ ചില പാഠ പുസ്തകങ്ങൾ കുറവ് വന്നിട്ടുള്ളത് ജൂൺ 30 ന് മുൻപായി എത്തിക്കുന്നതാണ്. |
| ഇ) രണ്ടാംഘട്ട വിതരണത്തിനായി നവംബറിൽ സ്കൂളുകൾക്ക് നൽകാൻ എത്ര പുസ്തകങ്ങൾ അച്ചടിക്കേണ്ടതായിട്ടുണ്ട് ; ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇതിന് ചെലവുവരുന്ന തുക എത്ര ; വ്യക്തമാക്കുമോ ; | (ഇ) | 49,81,850 പുസ്തകങ്ങൾ. പ്രിന്റ് ഓർഡർ കെ.ബി.പി.എസിന് നൽകിയിട്ടുണ്ട്. അച്ചടി തുടങ്ങിയിട്ടുണ്ട്. ഹയർ സെക്കണ്ടറി പാഠ പുസ്തകങ്ങൾ ഒറ്റ ഘട്ടത്തിലാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. ഇതിനു ചെലവു വരുന്ന തുക എത്രയെന്ന് വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| എഫ്) | രണ്ടാംഘട്ട വിതരണത്തിനുള്ള പുസ്തകം അച്ചടിക്കാൻ ആവശ്യമായ കടലാസുപോലും ഇല്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | ഹയർ സെക്കണ്ടറി പാഠ പുസ്തകങ്ങൾ ഓരോ അദ്ധ്യയന വർഷവും ഒറ്റ ഘട്ടത്തിലാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. സ്കൂൾ പാഠ പുസ്തകങ്ങളിടെ രണ്ടാം ഘട്ട വിതരണത്തിന് കുറവ് വന്ന അച്ചടി പേപ്പർ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി പാഠ പുസ്തക അച്ചടിക്ക് കടലാസിന് ക്ഷാമം ഉണ്ടായിട്ടില്ല. |

Padmakumar

സെക്ഷൻ ഓഫീസർ